(ബി) 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിലും 1999-2000 വർഷം ഇതുവരെയും ഉണ്ടായിട്ടുള്ള റവന്യൂ കമ്മി എത്ര വീതമെന്നു വെളിപ്പെടുത്തുമോ;

(സി) റവന്യൂ കമ്മി വർദ്ധിച്ചു വരുവാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുവാൻ ഈ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 402.81 കോടി രൂപ

(1995 ഏപ്രിൽ 1 ന്)

(ബി)

വർഷം	കമ്മി (കോടി രൂപ)
1996-97	643.03
1997-98	1122.91
1998-99	2029.96
1999-2000	1545.19

(നവംബർ 99 വരെയുള്ള താൽക്കാലിക കണക്കുപ്രകാരം)

(സി) രാജ്യത്താകമാനം അനുഭവപ്പെടുന്ന സാമ്പത്തിക മാന്ദ്യം മൂലം റവന്യൂ വരവിലുണ്ടായ കുറവും സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കിയ ശംബളം, പെൻഷൻ പരിഷ്കരണവും റവന്യൂ കമ്മി വർദ്ധിക്കുന്നതിനിടയാക്കി. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ആവിർഭാവത്തോടുകൂടി, മുൻകാലങ്ങളിൽ മൂലധന ചെലവായി കണക്കാക്കിയിരുന്ന ചെലവുകളിൽ ഒരു ഭാഗം റവന്യൂ ചെലവായി കണക്കാക്കുന്നതും റവന്യൂ കമ്മി വർദ്ധിക്കുന്നതിന് കാരണമാണ്.

(ഡി) റവന്യൂ കമ്മി പരമാവധി കുറയ്ക്കുന്നതിനുവേണ്ടി നികുതി, നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനുമുള്ള വിവിധ നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. വില്പന നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനും വിവിധ വകുപ്പുകളിലെ നികുതിയിതര വരുമാനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യയനിയന്ത്രണം കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി നേരത്തെയുണ്ടായിരുന്ന നിയന്ത്രണങ്ങൾക്കു പുറമെ കുറെക്കൂടി കർശനമായ നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്

2 (312) വിൽപ്പന നികുതി പിരിവ്

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-2000 സാമ്പത്തികവർഷത്തിൽ വിൽപ്പനനികുതി ഇനത്തിൽ എത്ര ലക്ഷം രൂപ പിരിച്ചെടുക്കാനാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്;

(ബി) ഇതിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇനി എന്തുതുക ഈയിനത്തിൽ പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4,14,410 ലക്ഷം രൂപ പിരിച്ചെടുക്കാനാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്.

(ബി) 31.1.2000 വരെ 2,74,938.48 ലക്ഷം രൂപ പിരിച്ചെടുത്തു.

(സി) 139471.52 ലക്ഷം രൂപ പിരിച്ചെടുക്കാനുണ്ട്.

3 (313) കേന്ദ്ര വില്പന നികുതി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്പനനികുതി ഏകീകരണം നടപ്പിൽ വന്നതിനുശേഷവും മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന സാധനങ്ങൾക്ക് കേന്ദ്ര വില്പനനികുതി ഇടാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സാധനങ്ങൾക്ക്;

(സി) ഏകീകൃത വില്പനനികുതി നിലവിൽ വന്നതോടെ കേന്ദ്രവില്പന നികുതി ഘട്ടം ഘട്ടമായി ഇല്ലാതാകുമെന്ന വ്യവസ്ഥ എത്രത്തോളം നടപ്പിലാക്കി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ നികുതി ഈടാക്കുന്നത് സാധനങ്ങൾ കൊണ്ടുവരുന്ന സംസ്ഥാനങ്ങളാണ്;

(ബി) കേരള വില്പനനികുതിയിനത്തിൻ കീഴിൽവരുന്ന എല്ലാ സാധനങ്ങൾക്കും കേന്ദ്ര വില്പനനികുതിയും ഈടാക്കുന്നുണ്ട്.

(സി) ഇതേവരെ നടപ്പിലാക്കിയിട്ടില്ല.

4 (314) ഏകീകൃത വില്പനനികുതി ആനുകൂല്യങ്ങൾ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃതവില്പനനികുതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ധനകാര്യമന്ത്രിമാരുടെ സമിതിയുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം കാര്യങ്ങളിൽ എന്തെല്ലാം വ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly